**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5161** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിൽ മലയാള ഭാഷ നിർബന്ധമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭരണഭാഷ മലയാളമാക്കിയിട്ട് വർഷങ്ങളായെങ്കിലും ഇപ്പോഴും തൊഴിൽ വകുപ്പ് ഉൾപ്പെടെ പല സർക്കാർ സ്ഥാപനങ്ങളും പ്രസ്തുത കാര്യത്തിൽ അലംഭാവം കാണിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ; | (എ) | തൊഴിൽ വകുപ്പിൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉത്തരവും കത്തുകളും മലയാള ഭാഷയിലാണ് നൽകുന്നത്. സുപ്രീംകോടതി, ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതി വ്യവഹാരങ്ങളിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യങ്ങളിലും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട കത്തുകൾ അയയ്ക്കുമ്പോഴും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നു. ടി ഫയലുകളുടെ നോട്ട് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്തുവരുന്നുണ്ട്. |
| (ബി) | ലേബർ വകുപ്പിന്റെ കീഴിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ പ്രിസൈഡിംഗ് ഓഫീസർ ആയി പ്രവർത്തിച്ചുവരുന്ന ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിൽ ഇപ്പോഴും പല വക്കീലന്മാരും ഇംഗ്ലീഷ് ഭാഷ മാത്രം ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ വരുന്ന കേസുകളുമായി ബന്ധപ്പെട്ട നടപടികളിൽ അഭിഭാഷകർ പൂർണ്ണമായും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നില്ല. അത്യാവശ്യ സന്ദർഭങ്ങളിൽ മലയാള ഭാഷ ഉപയോഗിക്കാറുണ്ട്. |
| (സി) | വക്കീലന്മാർ ഇംഗ്ലീഷ് ഭാഷ മാത്രം ഉപയോഗിക്കുന്നതിനാൽ അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിലുൾപ്പെട്ട തൊഴിലാളികൾക്ക് ഇംഗ്ലീഷ് ഭാഷ പ്രയോഗങ്ങൾ മനസിലാകാതെ പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 1973 ലെ കേരള പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി റൂൾസിലെ റൂൾ 10(1) പ്രകാരമുള്ള Form N ഇംഗ്ലീഷിലാണ്. ഗ്രാറ്റുവിറ്റി കേസുകളിൽ തൊഴിലാളി/ തൊഴിലുടമകളുടെ സത്യവാങ്മൂലം, തെളിവെടുപ്പ് മുതലായവ മലയാള ഭാഷയിലാണ് പൂർണ്ണമായും ചെയ്യുന്നത്. നിയന്ത്രണാധികാരി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പൂർണ്ണമായും മലയാള ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ തൊഴിലാളി/ തൊഴിലുടമ എന്നിവരെ പ്രതിനിധീകരിച്ച് വക്കീലന്മാരെ ഏർപ്പെടുത്തുന്ന സന്ദർഭങ്ങളിൽ ഇവർ തരുന്ന അഫിഡവിറ്റ്, ആർഗ്യുമെന്റ് നോട്ട്, റിപ്ലിക്കേഷൻ, റിജോയിന്റർ, റിട്ടൺ സ്റ്റേറ്റ്മെന്റ് മുതലായവ ആംഗലേയ ഭാഷയിലാണ് നൽകി വരുന്നത്. ഇരു കക്ഷികളുടെയും വക്കീലന്മാർ ഇംഗ്ലീഷിൽ പറയുന്ന കാര്യങ്ങൾ കക്ഷികൾക്ക് മനസ്സിലാകാതെ വരുന്ന |

| | | | |
|---|---|---|---|
| | | | പക്ഷം കൺട്രോളിംഗ് അതോറിറ്റി മലയാളത്തിൽ വിശദീകരിച്ച് നൽകാറുണ്ട്. |
| (ഡി) | പ്രസ്തുത അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിൽ തൊഴിലാളികൾക്ക് കാര്യങ്ങൾ മനസിലാക്കുന്നതിന് മലയാള ഭാഷ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകുന്നതിന് അതോറിറ്റിയ്ക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ തൊഴിൽ വകുപ്പ് പ്രസ്തുത നിർദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | മേൽ പറഞ്ഞ രേഖകളിൽ ഇംഗ്ലീഷ് ഒഴിവാക്കി മലയാള ഭാഷ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകുന്നതിന് ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റിയെ പ്രത്യേകമായി അധികാരപ്പെടുത്തി-യിട്ടില്ല. മലയാള ഭാഷ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റിയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ